## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ** :564

**8/08/2017 ൽ**
**മറുപടിയ്ക്ക്**

## പട്ടണക്കാട് സിൽക്ക് റീലിംഗ് സെന്റർ

**ചോദ്യം**
**ശ്രീ.എ.എം.ആരിഫ്**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടണക്കാട് സ്ഥിതി ചെയ്യുന്ന സിൽക്ക് റീലിംഗ് സെന്റർ ഇപ്പോൾ ഏത് സ്ഥാപനത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; എന്നു മുതലാണ് ഈ യൂണിറ്റ് ടി സ്ഥാപനത്തിൻ കീഴിലായത് ; | (എ) | 01/02/2016 മുതൽ കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറീഫെഡ്) നിയന്ത്രണത്തിലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. |
| (ബി)<br><br>(സി) | ഈ യൂണിറ്റിൽ യാതൊരു പ്രവർത്തനങ്ങളും നടത്താത്തതിനെ തുടർന്ന് തൊഴിലാളികൾക്ക് കിട്ടിയിരുന്ന വേതനം കുടിശ്ശികയായിട്ട് എത്രകാലമായി ;<br><br>ഇവിടെ തൊഴിലാളികൾക്ക് എത്ര രൂപയാണ് മിനിമം കൂലിയായി നിശ്ചയിച്ചിട്ടുള്ളത്; മിനിമം വേതനം എന്ന തത്വത്തിന്റെ നഗ്നമായ ലംഘനമാണ് ഇവിടെ നടക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറീഫെഡ്) നിയന്ത്രണത്തിലേക്ക് സ്ഥാപനം മാറിയത് 01/02/2016 മുതലാണ്. അതിന് മുൻപ് ഖാദി ബോർഡിന്റെ നിയന്ത്രണത്തിലായിരുന്നു സ്ഥാപനം പ്രവർത്തിച്ചിരുന്നത്. അതുവരെയുള്ള വേതനം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ ഉല്പാദനമൊന്നും നടക്കാത്തതിനാൽ നിലവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നില്ല. 2/2016 മുതൽ 3/2017 വരെ ഇ.എസ്.ഐ.വിഹിതം 1,04,683 രൂപ അടച്ചിട്ടുണ്ട്. |
| (ഡി) | സ്ഥാപനത്തിലെ തൊഴിലാളികൾ ആത്മഹത്യയുടെ വക്കിലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ചേർത്തല, അരൂർ മണ്ഡലങ്ങളിലെ ജനപ്രതിനിധികൾ | (ഡി) | നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ച് കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറിഫെഡ്) പുനരുദ്ധാരണം സാധ്യമായാൽ മാത്രമേ |

| | | | |
|---|---|---|---|
| | ഇടപെട്ടതിനെ തുടർന്ന് എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ ; | | തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്താൻ സാദ്ധ്യമാകും. സെറീഫെഡിന്റെ ആഭിമുഖ്യത്തിൽ പട്ടു വ്യവസായ പുനസംഘടനാ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 16/5/2017 ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ,സാങ്കേതിക സഹായത്തോടെ സെറി ഫെഡിന്റെ പട്ടുവ്യവസായ പുനസംഘാടനം നടപ്പാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിതലത്തിൽ അവലോകന യോഗം ചേർന്ന് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചു. അതിനെ തുടർന്ന് 05/07/2017 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്നു. പ്രസ്തുത സാഹചര്യത്തിൽ കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (സെറീഫെഡ്) സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ പട്ട് നെയ്ത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സാധ്യത വിലയിരുത്തി പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | പ്രവർത്തനം നിലച്ചുകിടക്കുന്ന ഈ തൊഴിൽകേന്ദ്രം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ഇ) | പുനരുദ്ധാരണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും. |
| (എഫ്) | വ്യവസായ വകുപ്പ് യഥാസമയം ഇ.എസ്.ഐ വിഹിതം അടയ്ക്കാത്തതിനെ തുടർന്ന് ഇ.എസ്.ഐ ക്വാട്ടയിൽ എം.ബി.ബി.എസ് അഡ്മിഷന് ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ മക്കൾക്ക് തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എഫ്) | ഖാദി ബോർഡിൽ നിന്നും ഇ.എസ്.ഐ ബാധ്യത അടച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | തൊഴിലാളികൾക്ക് സ്ഥിരമായ ജോലിയും അർഹമായ കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പ് വരുത്തുമോ ? | (ജി) | കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറീഫെഡ്) പുനസംഘടന സാധ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാനാകും. |

**സെക്ഷൻ ഓഫീസർ**